# MATHRUBHUMI - 14-03-2025



മത്സ്യത്തൊഴിലാളികൾക്ക് കക്കകൃഷി വിളവെടുപ്പ് ഉപകരണങ്ങൾ സിഫ്റ്റ് വിതരണം ചെയ്യുന്നു

## കുമ്പളം കായലിൽ കക്കവിത്തുകൾ നിക്ഷേപിച്ച് സിഫ്റ്റ്

**കൊച്ചി** ▸ കേന്ദ്ര മത്സ്യ സാങ്കേതികഗവേഷണ സ്ഥാപനമായ ഐസിഎആർ സിഫ്റ്റ് പള്ളുരുത്തി ബ്ലോക്ക് പഞ്ചായത്തുമായി സഹകരിച്ച് കുമ്പളം ഡോ. അംബേദ്കർ പഞ്ചായത്ത് ഹാളിൽ "കറുത്ത കക്കയുടെ സുസ്ഥിര പരിപാലനവും മെച്ചപ്പെട്ട രീതികൾവഴി ഉപജീവന സുരക്ഷയുള്ള വിനിയോഗങ്ങളും" എന്ന വിഷയത്തിൽ പരിപാടി സംഘടിപ്പിച്ചു.

കുമ്പളം കായലിൽ കക്കവിത്തുകൾ നിക്ഷേപിച്ചു. മത്സ്യത്തൊഴിലാളികൾക്ക് കക്ക വിളവെടുപ്പ് ഉപകരണങ്ങളും വിതരണം ചെയ്തു.

സിഫ്റ്റിലെ ഫിഷിങ് ടെക്നോളജി വിഭാഗം മേധാവി ഡോ. എം.പി. രമേശൻ പരിപാടി ഉദ്ഘാടനം ചെയ്തു. പള്ളുരുത്തി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ബേബി തമ്പി അധ്യക്ഷത വഹിച്ചു. സിഫ്റ്റിലെ പ്രിൻസിപ്പൽ സയന്റിസ്റ്റ് ആൻഡ് നോഡൽ ഓഫീസർ എസ്‌സിഎസ്‌പി. ഡോ. എ. സുരേഷ്, സീനിയർ സയന്റിസ്റ്റ് ഡോ. കെ.എ. മാർട്ടിൻ സേവ്യർ, കുമ്പളം പഞ്ചായത്ത് പ്രസിഡന്റ് കെ.എസ്. രാധാകൃഷ്ണൻ, വാർഡ് അംഗം പി.എ. മാലിക്, ബിസി പ്രദീപ്, എ.സി. ശിവദാസൻ എന്നിവർ ചടങ്ങിൽ പങ്കെടുത്തു.